(ഇ) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1068/2010 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കള്ളനോട്ടുകളും മറ്റ് ഉപകരണങ്ങളും പിടിച്ചെടുത്ത കേസിന്റെ അന്വേഷണത്തിൽ ഇതുവരെ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നെടുമങ്ങാട് താലൂക്കിൽ വെള്ളനാട് വില്ലേജിൽ കന്യാരുപാറ റീജാഭവനിൽ നിന്നും നെയ്യാറ്റിൻകര താലൂക്കിൽ അതിയന്നൂർ വില്ലേജിൽ റസൽപുരം ബാലരാമപുരം 3-ാം വാർഡിൽ ശാന്തിപുരം എന്ന സ്ഥലത്ത് കാറാന്തല റോഡിനരികത്ത് വീട്ടിൽ ശ്യാം നിവാസിൽ കുട്ടപ്പൻ മകൻ ആര്യനാട് ശ്യാം എന്നും ഞ്ജു എന്നും വിളിക്കുന്ന ശ്യാമിനെ പ്രതിയാക്കി ബഹു. അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രതികളെ പിടികൂടാൻ അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്. അന്വേഷണത്തിൽ ഇതുവരെ അന്താരാഷ്ട്ര ബന്ധം കണ്ടെത്തിയിട്ടില്ല.

വടകര പോലീസ് സ്റ്റേഷൻ നവീകരണം

73(364) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടകര മണ്ഡലത്തിൽ പോലീസ് സ്റ്റേഷന്റെ നവീകരണം തുടങ്ങിയ എന്തൊക്കെ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്;

(ബി) പോലീസ് സേനയെ നവീകരിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി വടകരയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

മൗണ്ടഡ്/ആർമർ പോലീസ് നിയമനം

74(365) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള മൗണ്ടഡ് പോലീസ്, ആർമർ പോലീസ് വിഭാഗങ്ങളിൽ എത്ര കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; 2011 മാർച്ചിൽ ഈ ഓരോ തസ്തികകളിലും എത്ര ഒഴിവ് വരുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളുടെ യോഗ്യതകൾ എന്തെല്ലാമാണെന്നറിയിക്കുമോ, പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly